# മാതാപിതാക്കൾക്ക് മക്കളോടും ബാധ്യതകളുണ്ട്

عَنْ أبي هُرَيْرة رضي اللّه عنه قَالَ: قَالَ رَسُولُ اللّهِ ﷺ إنَّ الله لَيَرْفَعُ الدَّرَجَةَ لِلْعَبْدِ الصَّالِحِ فِي الجَنَّة ، فَيَقُولُ: يَارَبِّ انَّى لِي هَذِهِ؟ فَيَقُولُ بِاسْتِغْفَارِ وَلَدِكَ لَكَ

അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "സദ്വൃത്തനായ ഒരു ദാസന് സ്വർഗലോകത്ത് അല്ലാഹു പദവികൾ വർധിപ്പിച്ചുകൊിരിക്കും. അപ്പോൾ അയാൾ ചോദിക്കും: 'നാഥാ, എന്തുകൊാണ് എനിക്കിങ്ങനെ അനുഗ്രഹങ്ങൾ വർധിക്കുന്നത്?' അല്ലാഹു പറയും: നിന്റെ മകൻ നിനക്കു വേി പാപമോചനമർഥിക്കുന്നതുകൊ്" (ബുഖാരി).

ദൈവികദീനിന്റെ അധ്യാപനങ്ങൾ നൽകി വളർത്തിയ സന്താനങ്ങൾ മാതാപിതാക്കൾക്ക് പരലോകത്തും മുതൽക്കൂട്ടാകുമെന്ന് പഠിപ്പിക്കുകയാണ് ഈ ഹദീസ്. മക്കളുടെ ധാർമിക കാര്യങ്ങളിൽ അശ്രദ്ധ കാണിക്കുന്ന മാതാപിതാക്കളെ പരോക്ഷമായി വിമർശിക്കുക കൂടിയാണ് റസൂൽ(സ). നല്ല ശിക്ഷണശീലങ്ങൾ നൽകി സന്താനങ്ങളെ ധാർമിക ബോധമുള്ളവരാക്കേണ്ടത് മാതാപിതാക്കളുടെ ബാധ്യതയാണ്. ജനങ്ങളെ ഉത്തമ സ്വഭാവികളും സദാചാര പ്രതിബദ്ധതയുമുള്ളവരാക്കി മാറ്റിയെടുക്കാൻ നിയുക്തരായ പ്രവാചകന്മാർ മുന്നോട്ടുവെക്കുന്ന നിർദേശമാണിത്. നബി(സ) പറഞ്ഞു: "നിങ്ങൾ മക്കളെ അർഹമായ വിധത്തിൽ പരിഗണിക്കുകയും അവരുടെ പെരുമാറ്റ മര്യാദകൾ നന്നാക്കി തീർക്കുകയും ചെയ്യുവിൻ" (തിർമിദി).

മക്കൾ അല്ലാഹുവെ ധിക്കരിച്ച് ജീവിക്കാതിരിക്കാനും പരലോകത്ത് പരാജയപ്പെടാതിരിക്കാനും രക്ഷിതാക്കൾ അവർക്ക് ധാർമിക വിദ്യാഭ്യാസം നൽകുകതന്നെ വേണം. അല്ലാഹു ഉണർത്തുന്നു: "വിശ്വസിച്ചവരേ, നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നിങ്ങൾ നരകത്തിൽ നിന്ന് രക്ഷിക്കുക" (*അത്തഹ്രീം* 6).

സൽസ്വഭാവികളും സൽക്കർമികളുമായി വളർത്തിയെടുത്ത സന്താനങ്ങൾ മാതാപിതാക്കൾക്കു വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്ന കാലമത്രയും അല്ലാഹു അവർക്ക് ഉത്തമ പ്രതിഫലം നൽകിക്കൊണ്ടിരിക്കും. റസൂൽ(സ) പറഞ്ഞു: "ഒരാൾ മരണപ്പെടുന്നതിലൂടെ അയാളുടെ സർവ കർമങ്ങളും നിലച്ചുപോകും. മൂന്നെണ്ണമൊഴികെ. സ്ഥായിയായ ദാനം, ഉപകാരപ്രദമായ വിജ്ഞാനം, തനിക്കു വേണ്ടി പ്രാർഥിക്കുന്ന സന്താനങ്ങൾ" (ബുഖാരി, മുസ്ലിം, അബൂദാവൂദ്).

മക്കളുടെ സ്വഭാവ സംസ്കരണത്തിൽ അശ്രദ്ധ കാണിക്കുകയും അവരോടുള്ള ബാധ്യതകൾ നിറവേറ്റുന്നതിൽ വീഴ്ച കാണിക്കുകയും ചെയ്ത ശേഷം അവരുടെ ദുഃസ്വഭാവത്തെക്കുറിച്ച് ആവലാതിപ്പെട്ടിട്ട് കാര്യമില്ല. ഒരിക്കൽ ഖലീഫാ ഉമറി(റ)ന്റെയടുത്ത്, മകനെക്കുറിച്ച പരാതിയുമായി ഒരാൾ വന്നു. അയാൾ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ, എന്റെ മകൻ എന്നെ ഉപദ്രവിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നു." ഉമർ(റ) അയാളുടെ മകനെ വിളിച്ചുവരുത്തി. എന്നിട്ട് മാതാപിതാക്കളോടുള്ള കടപ്പാടുകളെക്കുറിച്ചും അവരെ ഉപദ്രവിച്ചാലുള്ള ഭവിഷ്യത്തിനെക്കുറിച്ചും ഓർമിപ്പിച്ചു. അവൻ ചോദിച്ചു: "അമീറുൽ മുഅ്മിനീൻ, ഒരു പിതാവിന് തന്റെ സന്താനങ്ങളോട് വല്ല ബാധ്യതയുമുണ്ടോ?" ഉമർ(റ): "ഉണ്ട്." "എങ്കിൽ എന്തെല്ലാമാണത്?" ഉമർ(റ) പറഞ്ഞു: "അവന്റെ ഉമ്മയെ സംസ്കൃതയാക്കുക, കുഞ്ഞിന് നല്ല പേരിടുക, ദൈവിക ഗ്രന്ഥം പഠിപ്പിക്കുക എന്നിവ." അവൻ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ, ഈ ബാധ്യതകളിൽ ഒന്നുപോലും എന്റെ പിതാവ് നിർവഹിച്ചിട്ടില്ല. ഒരു അഗ്നിയാരാധകന്റെ കീഴിൽ വളർന്ന അടിമപ്പെണ്ണാണ് എന്റെ മാതാവ്. ജുഅല (കരിവണ്ട്) എന്നാണ് അദ്ദേഹം എനിക്ക് പേരുവെച്ചിട്ടുള്ളത്. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് ഒരക്ഷരം പോലും പിതാവ് എന്നെ പഠിപ്പിച്ചിട്ടുമില്ല." ഉമർ(റ) ക്ഷുഭിതനായി അദ്ദേഹത്തിനു നേരെ തിരിഞ്ഞു: "മകൻ ഉപദ്രവിക്കുന്നു എന്ന പരാതിയുമായിട്ടല്ലേ താങ്കൾ വന്നത്? യഥാർഥത്തിൽ അവൻ താങ്കളെ ഉപദ്രവിക്കുന്നതിന് മുമ്പ് താങ്കൾ അവനെയാണ് ഉപദ്രവിച്ചത്. അവൻ താങ്കളോട് മോശമായി പെരുമാറുന്നതിന് മുമ്പ് താങ്കൾ അവനോടാണ് മോശമായി വർത്തിച്ചത്" (*തർബിയത്തുൽ ഔലാദ്*, വാല്യം 1).

ഖുർആന്റെ ഭാഷയിൽ സന്താനങ്ങൾ ദൈവത്തിന്റെ അനുഗ്രഹവും ഐഹികജീവിതത്തിലെ അലങ്കാരവുമാണ്. അവരുടെ ഭൗതികവും ആത്മീയവുമായ വളർച്ചക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. കുട്ടികളെ സാമൂഹിക മര്യാദകൾ പഠിപ്പിക്കുകയും ശിക്ഷണ ശീലങ്ങൾ നൽകി വളർത്തുകയും ചെയ്യൽ അവരുടെ ബാധ്യതയാണ്. ■